# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

## അഭിനന്ദനവും പരാതിയും

**കേരളീയത്തിന്റെ** കഴിഞ്ഞ രണ്ടു ലക്കങ്ങളെക്കുറിച്ച്, ലൈംഗികതയും ഏകലോകവും (2012 മെയ്, ജൂൺ). ലൈംഗികത പതിപ്പിലെ മുഖചിത്രം ഉൾപ്പെടെയുള്ള ചിത്രങ്ങൾ പുരുഷന്റെ കാഴ്ചയായി പരിമിതപ്പെട്ടു. ലക്കം നന്നായി. ഏകലോകം പതിപ്പിന്റെ ലേ ഔട്ട് നന്നായില്ല. മാറ്ററുകൾ ആ ലക്കത്തിൽ അധികമായിരുന്നു. എന്നാൽ അതിനനുസരിച്ച് ഡിസൈനിൽ മാറ്റമൊന്നും വന്നില്ല. മാറ്ററുകൾ തിങ്ങിഞെരുങ്ങുന്നത് വായനയ്ക്ക് ഒട്ടും സഹായകമല്ല. ഡിസൈനിലെ ചെറിയ മാറ്റം പോലും വായനയെ സഹായിക്കും. ഏകലോകം പോലെ ഒരു ലക്കം ഇറക്കിയ കേരളീയത്തിന് അഭിനന്ദനങ്ങൾ.

**സുബിദ്, വളാഞ്ചേരി**

## നന്ദിയോടെ

കേരളീയം മെയ് ലക്കം കിട്ടി. ആത്മാവിന് ആന്തരികപ്രഭ തരുന്ന ലേഖനങ്ങൾ. ഒത്തിരി നന്ദി പറയട്ടെ.

**ബിഷപ്പ് സെബാസ്റ്റ്യൻ എടയന്ത്രത്ത്, എറണാകുളം**

**കേരളീയം വരിസംഖ്യ**
**240 രൂപ അയയ്ക്കുമല്ലോ...**

**അറിയിപ്പുകൾ അഭിപ്രായങ്ങൾ**
എഴുതുക/വിളിക്കുക/അയക്കുക

**കേരളീയം, കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487-2421385,9446576943
e-mail : mailkeraleeyam@gmail.com

# കേരളീയം ഫെലോഷിപ്പ് കൈമാറി

**കേരളീയം** മാസിക ഏർപ്പെടുത്തിയ ബിജു.എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ് വിതരണവും അനുസ്മരണ പ്രഭാഷണവും ജൂൺ 28 വ്യാഴാഴ്ച വൈകീട്ട് 4.30ന് തൃശൂർ സാഹിത്യ അക്കാദമിയിൽ വച്ച് നടന്നു. ബംഗാളി നാടകപ്രവർത്തകനും ആക്ടിവിസ്റ്റുമായ പർണാബ് മുഖർജി 4-ാമത് ബിജു. എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി. 'വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സ്വാതന്ത്ര്യ സമരങ്ങളും ഭരണകൂട ഭീകരതയും' എന്ന വിഷയത്തിലായിരുന്നു പ്രഭാഷണം.

മണിപ്പൂരിൽ ഇറോം ശർമ്മിളയുടെ നിരഹാര സമരത്തെ രാഷ്ട്രീയവത്കരിക്കുന്നതിൽ അവരോടൊപ്പമുള്ള ആക്ടിവിസ്റ്റുകൾ പരാജയപ്പെട്ടുവെന്ന് പർണാബ് മുഖർജി പറഞ്ഞു. ശർമ്മിള നടത്തുന്ന സമരത്തിന് യഥാർത്ഥ ഫലം ലഭിക്കാത്തതിന് കാരണം അവരോടൊപ്പമുള്ള ചിലരാണ്. കേന്ദ്ര-സംസ്ഥാന സർക്കാറുകളും മാധ്യമങ്ങളും പക്ഷപാതത്തോടെയും മനുഷ്യത്വരഹിതവുമായാണ് മണിപ്പൂരിലെ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നത്. ഗുജറാത്ത് ഉൾപ്പെടെയുള്ള വടക്കൻ സംസ്ഥാനങ്ങളിലെ മനുഷ്യാവകാശ ധ്വംസനങ്ങളിൽ കാര്യമായി ഇടപെടുന്ന മാധ്യമങ്ങൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ജനകീയ സമരങ്ങളെ അവഗണിക്കുകയാണ്. പർണാബ് മുഖർജി പറഞ്ഞു. പ്രഭാഷണത്തെ തുടർന്ന് പർണാബിന്റെ ലഘുനാടകവും അരങ്ങി. ഈ വർഷത്തെ ഫെല്ലോഷിപ്പിന് അർഹനായ കെ. സുരേഷിന് പർണാബ് മുഖർജി ഫെല്ലോഷിപ്പ് തുകയായ 10,002 രൂപ കൈമാറി.

മാതൃഭൂമി ദിനപത്രത്തിന്റെ കോഴിക്കോട് യൂണിറ്റിൽ സബ് എഡിറ്ററാണ് സുരേഷ്. 'പ്ലാന്റേഷൻ കോർപ്പറേഷനും വനനശീകരണവും വനഭൂമിയുടെ അസ്വാഭാവിക വിതരണവും വിനിയോഗവും തദ്ദേശീയ ജനതയെ പാരിസ്ഥിതിക അഭയാർഥികളാക്കിയതിന്റെ ചരിത്രം: കാസർകോടിനെ ആസ്പദമാക്കി ഒരു പഠനം' എന്ന വിഷയത്തെക്കുറച്ചുള്ള പഠന റിപ്പോർട്ടിനാണ് സുരേഷിന് ഫെലോഷിപ്പ് നൽകുന്നത്.



പർണാബ് മുഖർജി ഫെല്ലോഷിപ്പ് തുക സുരേഷിന് കൈമാറുന്നു

'കേരളത്തിലെ വനങ്ങൾ നേരിടുന്ന ഭീഷണികൾ' എന്നതായിരുന്നു ഇത്തവണ ഫെല്ലോഷിപ്പ് അപേക്ഷകർക്കായി നൽകിയ വിഷയം. കേരളീയം കോളമിസ്റ്റും പരിസ്ഥിതിക അവബോധമുള്ള നിരവധി ലേഖനങ്ങളുടെ കർത്താവുമായ അന്തരിച്ച ബിജു.എസ്. ബാലന്റെ പേരിലാണ് ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്.

കേരളീയത്തിന് ലഭിച്ച എൻട്രികളിൽ നിന്നും കെ. രാജഗോപാൽ ചെയർപേഴ്സണും (എഡിറ്റർ, മീഡിയവൺ കോഴിക്കോട്), ഡോ. എസ് ശങ്കർ (ശാസ്ത്രജ്ഞൻ, കെ.എഫ്ആർഐ, പീച്ചി), സിആർ നീലകണ്ഠൻ (പരിസ്ഥിതി പ്രവർത്തകൻ/മാനേജർ, കെൽട്രോൺ), എസ്. ഉഷ (ഡയറക്ടർ, തണൽ, തിരുവനന്തപുരം) എന്നിവർ അംഗങ്ങളുമായ ജൂറിയാണ് സുരേഷിനെ ഫെല്ലോഷിപ്പിനായി തിരഞ്ഞെടുത്തത്.